2024
APRIL
13
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## കേരളത്തിന് 3000 കോടി കടമെടുക്കാം; അനുമതി നൽകി കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** കേരളത്തിൽ വായ്പാ പരിധിയിൽനിന്നു 3000 കോടി രൂപ അധികം കടമെടുക്കാൻ കേന്ദ്രത്തിന്റ അനുമതി. 5000 കോടി രൂപയാണു കേരളം മുൻകൂറായി ആവശ്യപ്പെട്ടത്. എന്നാൽ കേരളത്തിന്റെ സാമ്പത്തിക ഘടകങ്ങൾ പരിശോധിച്ച് 3000 കോടിക്കുള്ള അനുമതി കേന്ദ്രം നൽകി.

നടപ്പ് സാമ്പത്തിക വർഷത്തിൽ 37,512 കോടി രൂപയാണു സർക്കാരിനു കടമെടുക്കാൻ കഴിയുക. സർക്കാർ പദ്ധതിയിട്ടിരുന്ന മൊത്തം തുകയിൽനിന്ന് 7,016 കോടി രൂപ ഇതിൽ സർക്കാർ കുറവ് വരുത്തിയിരുന്നു.

## മാലദ്വീപിലേക്കുള്ള സർവീസ് പുനരാരംഭിച്ചു

**തിരുവനന്തപുരം:** മാലദ്വീപിലെ ഹാനിമാധൂ ഐലൻഡിലേക്ക് തിരുവനന്തപുരത്തു നിന്നുള്ള സർവീസ് മൽഡീവിയൻ എയർലൈൻസ് പുനരാരംഭിച്ചു. ആഴ്ചയിൽ രണ്ട് ദിവസമായിരിക്കും സർവീസ്.

ഹാനിമാധൂ വിമാനത്താവളം നവീകരണവുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങളായി ഈ സർവീസ് നിർത്തി വച്ചിരിക്കുകയായിരുന്നു. തിങ്കൾ, വെള്ളി ദിവസങ്ങളിൽ പുലർച്ചെ 02:55ന് എത്തുന്ന വിമാനം 03:55ന് പുറപ്പെടും.

മാലദ്വീപിലേക്ക് തിരുവനന്തപുരത്ത് നിന്നുള്ള രണ്ടാമത്തെ വിമാന സർവീസ് ആണിത്. മാലെയിലേക്ക് മൽഡീവിയൻ എയർലൈൻസ് ആഴ്ചയിൽ 4 സർവീസുകൾ നടത്തുന്നുണ്ട്

# ഇസ്രയേലിനു നേരെ ഹിസ്ബുള്ള ഭീകരരുടെ മിസൈലാക്രമണം



**ടെൽ അവീവ്:** വടക്കൻ ഇസ്രയേലിനു നേരെ മിസൈലാക്രമണം നടത്തി ലെബനനിലെ ഇറാൻ പിന്തുണയുള്ള ഹിസ്ബുള്ള ഭീകരർ. രാജ്യത്തെ പ്രതിരോധ സംവിധാനം ആക്രമണങ്ങൾ ഒരു പരിധി വരെ തടഞ്ഞെങ്കിലും ചില മിസൈലുകൾ ഇസ്രയേലിലെ തുറന്ന പ്രദേശങ്ങളിൽ പതിച്ചതായി ഇസ്രയേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആക്രമണത്തിൽ ആർക്കും പരുക്കില്ല.

ലെബനനിൽ നിന്ന് വടക്കൻ ഇസ്രായേലിലേക്ക് ഭീകരർ ഏകദേശം 40 മിസൈലുകൾ വന്നതായി ഇസ്രയേൽ പ്രതിരോധ സേന(ഐഡിഎഫ്) അറിയിച്ചു. ഭീകരരുടെ രണ്ട് ഡ്രോണുകൾ വെടിവെച്ചിട്ടതായും ഐഡിഎഫ് അറിയിച്ചു. സിറിയയിലെ ഇറാൻ നയതന്ത്രകാര്യാലയത്തിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിനു പകരംവീട്ടുമെന്ന് റിപ്പോർട്ട് വന്നതിനു പിന്നാലെയാണ് ഭീകരരുടെ ആക്രമണമുണ്ടായത്.

ഹമാസ് ഭീകരരുമായി ചേർന്നതിനു ശേഷം ഒക്ടോബർ എട്ടുമുതൽ ഇസ്രയേലിന് നേരെ ഹിസ്ബുള്ള ഭീകരർ ആക്രമണം നടത്താറുണ്ട്. ഗാസയ്ക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടാണ് ഹിസ്ബുള്ള ഇസ്രയേലിനെതിരെ ആക്രമണം നടത്തുന്നത്. ഐഡിഎഫ് താവളത്തെ ലക്ഷ്യമാക്കിയാണ് മിസൈൽ തൊടുത്തതെന്നും ഹിസ്ബുള്ള അവകാശപ്പെടുന്നു.

ഇറാൻ ആക്രമണം നടത്താൻ തയാറെടുക്കുന്നു എന്ന റിപ്പോർട്ടിനെത്തുടർന്ന് ഇസ്രയേൽ പ്രതിരോധം ശക്തമാക്കി. ഈ മാസം ഒന്നിന് ഡമസ്കസിലെ ഇറാൻ എംബസി ബോംബിട്ടു തകർത്ത് ഒരു ജനറൽ ഉൾപ്പെടെ 7 ഉന്നത ഉദ്യോഗസ്ഥരെ വധിച്ചതിനു ശിക്ഷ നൽകണമെന്ന് ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമനേയി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. തെക്കൻ, മധ്യ ഇസ്രയേലിലാണ് ആക്രമണ സാധ്യതയുള്ളത്. തിരിച്ചടിക്കുമെന്നും അതിനു സമയക്രമം നിശ്ചയിച്ചിട്ടില്ലെന്നുമാണ് ഇറാനോടടുത്ത വൃത്തങ്ങൾ നൽകുന്ന സൂചന.

### സംഘർഷം രൂക്ഷം: ഇറാനിലേക്കും ഇസ്രയേലിലേക്കും പോകരുത്; മുന്നറിയിപ്പുമായി ഇന്ത്യ

ആക്രമണമുണ്ടായാൽ ഇസ്രയേലിന്റെ സഹായത്തിനെത്തുമെന്ന് യുഎസ് വ്യക്തമാക്കിയിട്ടുണ്ട്. കരുതലോടെയാണ് ഇറാന്റെ നീക്കം. നിലവിലെ സ്ഥിതി മുതലാക്കി ഗാസയിൽ സമാധാനത്തിനു വിലപേശാനും യുഎസുമായുള്ള നിർത്തിവച്ച ആണവചർച്ച പുനരാരംഭിക്കാനുമാണ് അവരുടെ താൽപര്യം. യുഎസ് ഇറാൻ ചർച്ചയിൽ ഇടനിലക്കാരായ ഒമാന്റെ പ്രതിനിധിയെ അവർ ഇക്കാര്യം അറിയിച്ചതായും റിപ്പോർട്ടുണ്ട്. ഇറാൻ നേരിട്ട് ആക്രമിച്ചില്ലെങ്കിലും ഇറാന്റെ പിന്തുണയുള്ള ആക്സിസ് ഓഫ് റസിസ്റ്റൻസ് തീവ്രവാദി സഖ്യം ഏതു നിമിഷവും ആക്രമിച്ചേക്കുമെന്ന് ഇസ്രയേൽ കണക്കുകൂട്ടുന്നു

# 14 വിമാനത്താവളങ്ങളിൽക്കൂടി ഡിജി യാത്രാ സംവിധാനം

**തിരുവനന്തപുരം:** തിരുവനന്തപുരം വിമാനത്താവളത്തിലും യാത്രക്കാരുടെ ക്യൂ ഒഴിവാക്കുന്നതിനുള്ള ഡിജി യാത്രാ സംവിധാനം വരുന്നു. ഒന്നാംഘട്ടത്തിൽ രാജ്യത്തെ 13 വിമാനത്താവളങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനു പിന്നാലെയാണ് തിരുവനന്തപുരം ഉൾപ്പെടെ 14 വിമാനത്താവളങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ കൊച്ചി വിമാനത്താവളത്തിലാണ് പദ്ധതി ആദ്യമായി നടപ്പിലാക്കിയത്. കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡിജി യാത്രാ ഫൗണ്ടേഷനാണ് പദ്ധതിയുടെ ചുമതല.



മുഖം തിരിച്ചറിയുന്ന സാങ്കേതിക വിദ്യയിലൂടെ, വിമാനത്താവളത്തിലെ വിവിധ പരിശോധനാ കേന്ദ്രങ്ങളിൽ ക്യൂനിന്ന് യാത്രാരേഖകൾ കാണിച്ച് കടന്നു പോകുന്നത് ഒഴിവാക്കാനാകും. ഡിജി യാത്രയ്ക്കായി ആപ്പ് ഡൗൺ ലോഡ് ചെയ്യണം. ആധാർ വിവരങ്ങൾ നൽകി ബോർഡിങ് പാസ് വിവരം നൽകിയാൽ ചെക്കിങ് പോയിന്റുകളിലെ ക്യാമറ മുഖം തിരിച്ചറിയും. യാത്രാവിവരങ്ങൾ നൽകേണ്ടതില്ല.

ദേഹപരിശോധനയ്ക്കുശേഷം യാത്ര ചെയ്യാം. ആപ്പ് ഉപയോഗിക്കുന്നവർക്ക് പ്രത്യേക ലൈൻ ഉണ്ടാകും. മിനിട്ടുകൾക്കുള്ളിൽ നടപടികൾ പൂർത്തിയാക്കാം. തിരുവനന്തപുരം വിമാനത്താവളത്തിൽ ഒരുക്കങ്ങൾ പൂർത്തിയായതായും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി കാത്തിരിക്കുകയാണെന്നും അധികൃതർ പറഞ്ഞു.

കൊച്ചിയിൽ ആഭ്യന്തര ടെർമിനൽ ഡിപ്പാർച്ചറിലാണ് ഈ സംവിധാനം ഇപ്പോൾ ഉപയോഗിക്കുന്നത്. ഓഗസ്റ്റ് 15ന് ഉദ്ഘാടനം ചെയ്തു. മൂന്നു ലക്ഷത്തോളം പേർ സംവിധാനം ഉപയോഗിച്ചു. ഒരുദിവസം ആഭ്യന്തര വിഭാഗത്തിൽ 15000 യാത്രക്കാരുണ്ടാകും. അതിന്റെ പകുതിയാണ് ഡിപ്പാർച്ചറിലുണ്ടാകും. അതിൽ രണ്ടായിരത്തോളം പേർ ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്. സിനിമാ താരങ്ങളെ ഉപയോഗിച്ചുള്ള പ്രചാരണം ഗുണകരമായതായി ഡിജി ഫൗണ്ടേഷൻ അധികൃതർ പറയുന്നു. 'ഫെയ്സ് ഈസ് യുവർ ബോഡി പാസ്' എന്നാണ് ടാഗ് ലൈൻ. ആദ്യം 8% പേരാണ് സംവിധാനം ഉപയോഗിച്ചത്. പരസ്യം നൽകിയതോടെ അത് ഇരുപത് ശതമാനത്തിൽ അധികമായി.



# മെറ്റാ എ ഐ ഫീച്ചർ അവതരിപ്പിച്ച് വാട്സ്ആപ്പ്



ജീവൻലാൽ രവി
(ഡിജിറ്റൽ മീഡിയ സ്ട്രാറ്റജിസ്റ്റ്)





ഏറ്റവും ജനകീയമായ മൊബൈൽ ആപ്ലിക്കേഷനായ വാട്സാപ്പിൽ എ ഐ സാങ്കേതിക വിദ്യ അവതരിപ്പിച്ചു മെറ്റാ കമ്പ നി.മെറ്റാ എ ഐ ഒരു ചാറ്റ് ബോട്ട് ആണ്. മെറ്റാ തന്നെ വികസിപ്പിച്ച ഏറ്റവും നൂതനമായ ലാമ ( Large Language Model Meta AI ) എന്ന ശക്തമായ ആർട്ടിഫിഷ്യൽ ഇന്റിലിജൻസ് സംവിധാനമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. മറ്റു ആപ്പുകളുടെ സഹായം തേടാതെ നേരിട്ട് വാട്സാപ്പ് ടൈപ്പിങ്ങിന് സമീപത്തെ മെറ്റാ എ ഐ ഐക്കണിൽ ക്ലിക്ക് ചെയ്തു സുഹൃത്തിനോട് എന്ന പോലെ ചാറ്റ് ചെയ്യാം. ചോദ്യങ്ങൾ ചോദിക്കാം , ചിത്രങ്ങൾ ഉണ്ടാക്കാം, പുതിയ ആശയങ്ങൾ സൃഷ്ടിക്കാം അങ്ങനെ പലതും. മെറ്റാ എ ഐ വെരിഫൈഡ് ചാറ്റ് ബോക്സ് ആയിട്ടാണ് തുറക്കുന്നത് തുടർന്ന് #വിത്ത്ലാമ ( #WithLlama ) എന്നത് ഹാഷ്ടാഗിൽ രേഖപെടുത്തിയിരിക്കുന്നു. ഈ ഫീച്ചർ ഇന്നലെ മുതലാണ് ഇന്ത്യയിൽ ലഭ്യമായി തുടങ്ങിയത് അതും തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക്. ഈ വാട്സാപ്പ് വിൻഡോ തുറക്കുമ്പോൾ ചില

TechTalk

കമാന്റുകൾ കാണാം എങ്ങനെയാണ് മെറ്റാ എ ഐ യിൽ ഇടപെടേണ്ടത് എന്നത് സൂചിപ്പിക്കുന്നതാണ് അവ ഉദാഹരണത്തിന് 'ഇമാജിൻ എ ക്യാറ്റ് ഇൻ സ്പേസ് ' എന്ന കമ്മാണ്ടിനു ലഭിച്ച ചിത്രമാണ് ഇതോടൊപ്പം ഉള്ളത്. അത് പോലെ ആരോഗ്യ പരിപാലനത്തിന് വേണ്ട കാര്യങ്ങൾ തുടങ്ങി ടെക്സ്റ്റ് ആയുള്ള വിവരങ്ങളും ഞൊടിയിടയിൽ വാട്സാപ്പ് എ ഐ തരുന്നു 'യോഗ'പഠിക്കാനുള്ള നിർദേശങ്ങൾ എന്ന് എന്റർ ചെയ്താൽ യോഗയുടെ സ്റ്റെപ് ബൈ സ്റ്റെപ് വിവരണങ്ങൾ തരുന്നു.

ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങളിൽ ഇംഗ്ലീഷ് ഭാഷയിൽ മാത്രമാണ് നിർദേശങ്ങൾ നൽകുവാൻ ആകുക.വരും ദിവസങ്ങളിൽ എല്ലാവർക്കും വാട്സാപ്പ് അപ്ഡേറ്റിലൂടെ മെറ്റാ എ ഐ ലഭ്യമാകും. വാട്സ്ആപ്പ് എ ഐ അവതരിപ്പിക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ജനകീയമാകുന്നതിനു സഹായിക്കും എന്ന് വിദഗ്ദർ വിലയിരുത്തുന്നു.





# ചിറ്റിലപ്പിള്ളി സ്ക്വയറിൽ കൊച്ചി വൺ കാർഡ് ഉടമകൾക്ക് ഇളവ്

**കൊച്ചി:** കൊച്ചി മെട്രോയുടെ സ്ഥിരം യാത്രികരായ കൊച്ചി വൺ കാർഡ് ഉടമകൾക്ക് കാക്കനാട് ചിറ്റിലപ്പിള്ളി സ്വയറിൽ പ്രത്യേക ഇളവ് ഏർപ്പെടുത്തി. കൊച്ചി വൺ കാർഡ് ഉടമകൾക്ക് ചിറ്റിലപ്പിള്ളി സ്ക്വയറിലെ പ്രവേശന പാസിൽ ഓരോ തവണയും 10 ശതമാനം ഇളവ് ലഭിക്കും. പദ്ധതിയുടെ ഉദ്ഘാടനം ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടന്ന ചടങ്ങിൽ

കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ, വീഗാർഡ് ഇൻഡസ്ട്രീസ് ചെയർമാനും സിഇഒയുമായ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ആക്സിസ് ബാങ്ക് വൈസ് പ്രസിഡന്റും ക്ളസ്റ്റർ ഹെഡുമായ ദീപു ശേഖർ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

സാധാരണ ദിവസങ്ങളിൽ പ്രവേശന പാസിന് ഈടാക്കുക 270 രൂപയാണ്. എന്നാൽ കൊച്ചി വൺ കാർഡ് ഉടമകൾക്ക് 10 ശതമാനം ഇളവോടെ 243 രൂപയ്ക്ക് ചിറ്റിലപ്പിള്ളി സ്ക്വയറിൽ പ്രവേശിക്കാം.

ശനി, ഞായർ ദിവസങ്ങളിലും പൊതു അവധി ദിനങ്ങളിലും കൊച്ചി വൺ കാർഡ് ഉടമകൾക്ക് 360 രൂപയ്ക്ക് പകരം 324 രൂപയ്ക്ക് പ്രവേശനം ലഭിക്കും. 2025 ഏപ്രിൽ മുപ്പത് വരെയാണ് നിലവിൽ ഈ ഇളവുകൾ ലഭിക്കുക. ഒരു കൊച്ചി വൺ കാർഡ് ഉപയോഗിച്ച് പരമാവധി നാല് പേർക്ക് ചിറ്റിലപ്പിള്ളി സ്ക്വയറിൽ 10 ശതമാനം ഇളവ് ലഭിക്കും. മുതിർന്ന പൗരൻമാർക്ക് നിലവിൽ പ്രവേശന പാസിന് 50 ശതമാനം ഇളവുള്ളതിനാൽ കൊച്ചി വൺ കാർഡിലെ ഇളവ് ലഭ്യമല്ല.



# ടിറ ടൂൾസ് വിപണിയിലെത്തി

**മുംബൈ/കൊച്ചി:** ബ്യൂട്ടി ആക്സസറീസ് രംഗത്തേക്കും കാലെടുത്തുവച്ച് റിലയൻസ് . റിലയൻസ് റീട്ടെയ്ലിന്റെ ഭാഗമായ ടിറ ബ്യൂട്ടി, ടിറ ടൂൾസ് എന്ന സ്വന്തം ലേബൽ അവതരിപ്പിച്ചു. പുതുതലമുറ ഉപഭോക്താക്കളുടെ വ്യത്യസ്തങ്ങളായ സൗന്ദര്യ പരിചരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായാണ് പ്രീമിയം, ക്യൂറേറ്റഡ് ബ്യൂട്ടി ആക്സസറികളുടെ നിരയായ 'ടിറ ടൂൾസ്' അവതരിപ്പിച്ചിരിക്കുന്നത്. സൗന്ദര്യ പരിപാലനം അനായാസമായി ചെയ്യാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളുടെ നിരയാണ് 'ടിറ ടൂൾസ് എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

സൗന്ദര്യ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കാൻ സജ്ജീകരിച്ചിരിക്കുന്ന, സൂക്ഷ്മമായി രൂപകല്പന ചെയ്ത സൗന്ദര്യ പരിചരണ ആക്സസറികളുടെ ഒരു വലിയ നിരതന്നെയാണ് ടിറ ടൂൾസ് വിപണിയിലെത്തിക്കുന്നത്. പ്രോ മേക്കപ്പ് ബ്രഷുകൾ മുതൽ ഫേഷ്യൽ റോളറുകളും ബ്യൂട്ടി സ്പോഞ്ചുകളും വരെ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന സൗന്ദര്യ പരിചരണ വസ്തുക്കൾ ഇതിൽ ഉൾപ്പെടുന്നു. ഉന്നതമായ ഗുണനിലവാരം ഉറപ്പു നൽകുന്നവയാണ് ഈ ഉൽപ്പന്നങ്ങളെന്ന് കമ്പനി വ്യക്തമാക്കി. ടിറ ടൂൾസിൽ ഉൾപ്പെടുന്ന പ്രോ ആർട്ടിസ്ട്രി കിറ്റുകൾ ഏറെ ശ്രദ്ധേയമാണ്. പ്രൊഫഷണൽ മേക്കപ്പ് ആർട്ടിസ്റ്റുകളുടെയും സൗന്ദര്യ പ്രേമികളുടെയും സൗന്ദര്യ സംരക്ഷണ, പരിചരണ ആവശ്യങ്ങൾ നിറവേറ്റാൻ ഈ കിറ്റുകൾ സഹായകമാണ്. യഥാർത്ഥ ജേഡ്, ക്വാർട്സ് മെറ്റിരിയലുകൾ കൊണ്ട് നിർമിച്ച ഫേഷ്യൽ റോളറുകളും ഗുവാ ഷാ ടൂളുകളും ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. നൈതിക മാനദണ്ഡങ്ങൾക്ക് മുൻഗണന നൽകുന്നതാണ് 'ടിറ ടൂൾസ്'. എല്ലാ ഉൽപ്പന്നങ്ങളും പൂർണമായും സസ്യനിർമിതമാണ് വളരെ സെൻസിറ്റീവ് ആയ ചർമ്മ തരങ്ങൾക്ക് പോലും അനുയോജ്യമായ രീതിയിലാണ് 'ടിറ ടൂൾസ്' ഉൽപ്പന്നങ്ങൾ നിർമിച്ചിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. 2023 ഏപ്രിലിലാണ് റിലയൻസ് റീട്ടെയ്ൽ ടിറ എന്ന ബ്യൂട്ടി റീട്ടെയ്ൽ പ്ലാറ്റ്ഫോം അവതരിപ്പിച്ചത്.

# കാവ്യസാഹിതീപുരസ്കാരം 2024 രോഷ്നി സ്വപ്നയ്ക്ക്

**കൊച്ചി :**സ്വതന്ത്രകലാസാഹിത്യസംഘടനയായ മലയാള കാവ്യസാഹിതിയുടെ 2024 ലെ'കാവ്യസാഹിതീപുരസ്കാരം ' പ്രഖ്യാപിച്ചു .ഇത്തവണ കവിതാസമാഹാരത്തിനാണ്പുരസ്കാരം. രോഷ്നി സ്വപ്നയുടെ'ചുവപ്പ്'എന്ന കൃതിക്കാണ് 20001 രൂപയും ആർട്ടിസ്റ്റ് സുരേഷ് കായംകുളം രൂപകല്പനചെയ്ത സാഹിതീശില്പവും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം. പ്രമുഖസാഹിത്യനിരൂപകരായ ഡോ. ദേശമംഗലം രാമകൃഷ്ണൻ , എം.കെ ഹരികുമാർ , ഡോ കൂമുള്ളി ശിവരാമൻ എന്നിവരടങ്ങുന്ന ജൂറിയാണ് പുരസ്കാരം നിർണയിച്ചത്.ഓരോ കവിതയിലൂടെയും തന്റേതായ പുനർജന്മങ്ങളാണ് നേടുന്നത് എന്ന വിശ്വാസം ഈസമാഹാരത്തിൽ പ്രബലമാകുന്നതായും യഥാതഥ രീതിയേക്കാൾ ഭ്രമാത്മകസങ്കല്പങ്ങളുടെവിന്യാസമാണ് കവിതകളുടെ പ്രത്യേകതയെന്നും കൺമുമ്പിലുള്ള ആധുനികോത്തരശൈലിയെ പോഷിപ്പിക്കുന്നവയുമാണ് രോഷ്നി സ്വപ്നയുടെ കവിതകളെന്നും പുരസ്കാരനിർണയസമിതി വിലയിരുത്തി.

കവി നോവലിസ്റ്റ് ,വിവർത്തക , ചലച്ചിത്ര നിരീക്ഷിക ചിത്രകാരി എന്നീ നിലകളിൽശ്രദ്ധേയയായ രോഷ്നി സ്വപ്ന നിലവിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ സാഹിത്യപഠന സ്കൂളിൽ അസി . പ്രൊഫസറാണ്.

അടുത്തമാസം അഞ്ചിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന,മലയാളത്തിലെ ശ്രദ്ധേയ കലാസാംസ്കാരിക പ്രതിഭകൾ പങ്കെടുക്കുന്ന മകാസ സംസ്ഥാനസമ്മേളനത്തിൽ വച്ച് പുരസ്കാരം പ്രമുഖ എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ പുരസ്കാരം രോഷ്നി സ്വപ്നയ്ക്ക് സമ്മാനിക്കുമെന്ന് മലയാള കാവ്യസാഹിതിസംസ്ഥാന പ്രസിഡന്റ് കാവാലം അനിലും ജനറൽ സെക്രട്ടറി സുഷമ ശിവരാമനും അറിയിച്ചു .




# ഇമാക്' സൈലന്റ് ഹീറോസ് അവാർഡ് വിതരണം

**കൊച്ചി:** കേരളത്തിലെ ഇവന്റ് മാനേജർമാരുടെ സംഘടനയായ 'ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) സൈലന്റ് ഹീറോസ് അവാർഡുകളുടെ അഞ്ചാം പതിപ്പ് ഏപ്രിൽ 16,17 തിയതികളിൽ കൊച്ചി ലെ മെറിഡിയനിൽ വച്ച് നടക്കും. കേരളത്തിലുടനീളമുള്ള ഇവന്റ് മാനേജർമാരുടെ സുസ്ഥിര സേവനങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇമാക് അവരുടെ പാർട്നേഴ്സിനായി അവാർഡുകൾ നൽകുന്നത്. വർഷങ്ങളായി സംസ്ഥാനത്തിലുടനീളമുള്ള ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷണലുകളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയുന്ന വേദിയാണ് ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ്.

ഇവന്റ് ഡെക്കോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് & സൊല്യൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിംഗ് സൊല്യൂഷൻസ്, പേഴ്സണലൈസ്ഡ് സൊല്യൂഷൻസ് എന്നിങ്ങനെ 5 തലങ്ങളിലായി 60 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സ്വർണം, വെള്ളി, വെങ്കല മെഡലുകൾ 2024ലെ സൈലന്റ് ഹീറോസ് അവാർഡ് ജേതാക്കൾക്ക് സമ്മാനിക്കും.എല്ലാ വിഭാഗങ്ങളിലായി 350ലേറെ എൻട്രികൾ ലഭിച്ചിട്ടുണ്ട്, രാജ്യത്തുടനീളമുള്ള വ്യവസായ വിദഗ്ധരുടെ 14 അംഗ ജൂറിയാണ് അവാർഡുകൾ വിലയിരുത്തുന്നത്.കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് മേഖലയിലെ ശ്രദ്ധേയമായ നേട്ടങ്ങൾ ആഘോഷിക്കുവാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിശിഷ്ടവ്യക്തികളും പ്രൊഫഷണലുകളും ഒത്തുചേരുന്നതിനാൽ ഈ വർഷത്തെ അവാർഡ് നിശ കൂടുതൽ മികവുറ്റതാവുമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിലെ വിവിധ ഇവന്റ് മാനേജ്മെന്റ് ഏജൻസികളെ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരികയും അതുവഴി ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെ ഏക പ്രതിനിധി സംഘടനയായി മാറുകയും ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് 2009 ജൂലൈ 01 ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള 'ഇമാക് 'രൂപീകരിച്ചത്. ഇവന്റ് ആൻഡ് എന്റർടൈൻമെന്റ് മാനേജ്മെന്റ് അസോസിയേഷനുമായി 'ഇമാക് ' ന് അഫിലിയേഷൻ ഉണ്ട്.

ഇവന്റുകളിലെയും അനുബന്ധ വ്യവസായങ്ങളിലെയും പ്രൊഫഷണലുകൾക്ക് ഒരു മികച്ച നെറ്റ്വർക്കിംഗ് അവസരമാണ് ഇവന്റ് വാഗ്ദാനം ചെയ്യുന്നത്. പരിപാടിയിൽ ബി2ബി എക്സ്പോ, വിജ്ഞാന സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, അവാർഡുകൾ, വിനോദപരിപാടികൾ എന്നിവ നടക്കും. പ്രശസ്ത സംഗീതജ്ഞൻ സിദ്ധാർത്ഥ് മേനോന്റെ ഇന്ത്യയിലെ ഏക ഒറിജിനൽ ട്രിബ്യൂട്ട് ബാൻഡായ കെകെ ലൈവ് ഫോർ എവർ ബാൻഡും പരിപാടികൾ അവതരിപ്പിക്കും.

പരിപാടിയിൽ അവതരിപ്പിക്കും ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിവിധ പ്രഫഷണലുകൾക്കും മറ്റ് വ്യവസായമേഖലകളിലെ പ്രവർത്തകർക്കും ഒത്തുചേരുവാനുള്ള അവസരമായിരിക്കും ഈ പരിപാടി.

ഇമാക് സെക്രട്ടറിമാർട്ടിൻ ഇമ്മാനുവൽ, ഇമാക് വൈസ് പ്രസിഡന്റ് ജുബിൻ ജോൺ, ഇമാക് ട്രഷറർ ജിൻസി തോമസ്, ജോയൽ ജോൺ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കേരള അണ്ടർ 17 വോളിബോൾ ക്യാപ്റ്റൻ എ.ആർ അനൂശ്രീക്ക് സ്വപ്ന ഭവനം ഒരുങ്ങുന്നു

**പറവൂർ:** കേരള അണ്ടർ 17 വോളിബോൾ ടീം ക്യാപ്റ്റൻ എ.ആർ അനുശ്രീയുടെ സ്വപ്നം പൂവണിയുന്നു. സ്വന്തമായൊരു വീടെന്ന ആഗ്രഹം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ സഹായത്തോടെയാണ് സഫലമാകുന്നത്. പറവൂത്തറ കരിയമ്പിള്ളി ആറുകണ്ടത്തിൽ നിർമിക്കുന്ന വീടിന് മുത്തൂറ്റ് സ്പോർട്സ് ഡിവിഷൻ ഡയറക്ടർ ഹന്ന മുത്തൂറ്റ് തറക്കല്ലിട്ടു.

തിരുച്ചിറപ്പള്ളിയിൽ നടന്ന അണ്ടർ 17 പെൺകുട്ടികളുടെ കേരള വോളിബോൾ ടീമിനെ നയിച്ചത് എ.ആർ. അനുശ്രീയാണ്. നന്ത്യാട്ടുകുന്നം എസ്.എൻ.വി മുത്തൂറ്റ് അക്കാഡമിയിലാണ് അനുശ്രീ പരിശീലനം നടത്തുന്നത്. ബാർബറായ പറവൂത്തറ കരിയമ്പിള്ളി ആറുകണ്ടത്തിൽ രാജേഷിന്റേയും ധന്യയുടേയും മകളാണ്. പെരുവാരത്ത് വാടക വീട്ടിലാണ് അനുശ്രീയും കുടുംബവും ഇപ്പോൾ താമസിക്കുന്നത്.2018 മുതൽ അനുശ്രീ ദേശീയതാരമാണ്. 2020 ലും 2021 ലും ദേശീയ സബ് ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിലും 2022ൽ ദേശീയ സ്കൂൾ ഗെയിംസിലും 2019 ൽ ദേശീയ മിനി വോളിബോൾ ചാമ്പ്യൻഷിപ്പിലും കേരളത്തിനുവേണ്ടി കളിച്ചിട്ടുണ്ട്.മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഉദീഷ് ഉല്ലാസ്, സി.എസ്.ആർ മേധാവി പ്രശാന്ത് നെല്ലിക്കൽ, മുത്തൂറ്റ് വോളിബോൾ അക്കാദമി ടെക്നിക്കൽ ഡയറക്ടർ ബിജോയ് ബാബു, പറവൂർ എസ്എൻഡിപി യോഗം പറവൂർ യൂണിയൻ പ്രസിഡന്റ് സി.എൻ രാധാകൃഷ്ണൻ, എസ്എൻഡിപി യോഗം പറവൂർ യൂണിയൻ സെക്രട്ടറി ഷൈജു മനക്കപ്പടി, എസ്എൻഡിപി യോഗം ഡയറക്ടർ ബോർഡ് അംഗം ഡി.ബാബു, എസ്എൻഡിപി യോഗം ഡയറക്ടർ ബോർഡ് അംഗം എം.പി ബിനു, എസ്എൻവി സ്കൂൾ എച്ച്.എം സി കെ ബിജു, കൊട്ടുവള്ളിക്കാട് എച്ച്.എം.വൈ സ്കൂൾ മാനേജർ ഭാനു പ്രിയൻ മാസ്റ്റർ, കരിമ്പടം ഡി.ഡി സഭ സ്കൂൾ മാനേജർ ജീൻ സുധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# ലോക്സഭാ തിരഞ്ഞെടുപ്പ്: സി വിജിൽ ആപ്ലിക്കേഷൻ വഴി ജില്ലയിൽ ഇതുവരെ ലഭിച്ചത് 13488 പരാതികൾ

**കൊച്ചി:** പൊതുജനങ്ങൾക്ക് ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപെട്ടാൽ അതിവേഗം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനുള്ള സിവിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന ജില്ലയിൽ ഇതുവരെ ലഭിച്ചത് 13488 പരാതികൾ. ഇതിൽ 13350 എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചു.

128 എണ്ണം കഴമ്പില്ലാത്തതിനാൽ ഉപേക്ഷിച്ചു. 10 പരാതികളിൽ നടപടി പുരോഗമിക്കുന്നു. പരാതികൾ ജില്ലാ പ്ലാനിങ് ഓഫീസിൽ പ്രവർത്തിക്കുന്ന സി വിജിൽ ജില്ലാ കൺട്രോൾ റൂമിൽ ലഭിച്ച ഉടൻ തന്നെ അതത് നിയോജക മണ്ഡലങ്ങളിലെ സ്ക്വാഡുകൾക്ക് കൈമാറിയാണ് നടപടി സ്വീകരിക്കുന്നത്.

# ചാർജിംഗ് സ്റ്റേഷനുകൾ : ടിപിഇഎം ഷെൽ കരാർ ഒപ്പുവച്ചു

**കൊച്ചി :** രാജ്യത്തുടനീളം ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി (ടിപിഇഎം) ഷെൽ ഇന്ത്യ മാർക്കറ്റ്സ് പ്രൈവറ്റ് ലി.(എസ്ഐഎംപിഎൽ)മായി കരാർ ഒപ്പുവച്ചു. രാജ്യത്തെ 1.4 ലക്ഷത്തിന് മുകളിലുള്ള ഓൺ റോഡ് ടാറ്റ ഇവികളുടെ ഇന്ധന ആവശ്യകതമനസ്സിലാക്കുവാനും അതിലൂടെ ചാർജിംഗ് സ്റ്റേഷനുകൾ ഏറ്റവും കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങൾ തിരിച്ചറിയുവാനും ടിപിഇഎംന് സാധിക്കും. ഷെല്ലിന്റെ വിപുലമായ ഇന്ധന വിതരണ ശൃംഖല ഈ കൂട്ടായ്മയിലൂടെ ശക്തപ്പെടുത്തും. രാജ്യത്തെ ഇവി ഉപഭോക്താക്കളുടെ ഉപഭോക്തൃ അനുഭവം കൂടുതൽ മികവുറ്റതാക്കിക്കൊണ്ട് കൂടുതൽ പേരെ ഇവിയിലേക്ക് ആകർഷിക്കുകയാണ് ഇരു കമ്പനികളുടേയും കരാറിലൂടെ ലക്ഷ്യമാക്കുന്നത്. സൗകര്യപ്രദമായ പെയ്മെന്റ് സംവിധാനവും ഉപഭോക്താക്കൾക്കുള്ള ലോയൽറ്റി പ്രോഗ്രാമുകളും കരാറിന്റെ ഭാഗമാണ്.




ഏറെ സന്തോഷത്തോടെയാണ് ഷെല്ലുമായി പങ്കാളിത്തത്തിലേർപ്പെടുന്നത്. ഇതിലൂടെ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുവാൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലി. & ടാറ്റ മോട്ടോർസ് പാസഞ്ചർ വെഹിക്കിൾസ് ലി. ചീഫ് സ്ട്രാറ്റജി ഓഫീസർ ബാലാജി രാജൻ പറഞ്ഞു. .ഇവി ഉപഭോക്താക്കളുടെ എണ്ണം രാജ്യത്ത് വർധിച്ചുകൊണ്ടിരിക്കുന്നതിനാൽ തന്നെ മതിയായ ചാർജിംഗ് സൗകര്യങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ഇവി മേഖലയിൽ വലിയൊരു മാറ്റത്തിന് തന്നെ ഈ ബിസിനസ് പങ്കാളിത്തത്തിലൂടെ സാധ്യമാകുമെന്ന് തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലി. & ടാറ്റ മോട്ടോർസ് പാസഞ്ചർ വെഹിക്കിൾസ് ലി. ചീഫ് സ്ട്രാറ്റജി ഓഫീസർ ബാലാജി രാജൻ പറഞ്ഞു.



## ചൂട് ഉയരുന്നു; പാൽ പായ്ക്കറ്റുകൾക്ക് റഫ്രിജറേഷൻ അനിവാര്യമെന്ന് മിൽമ

**കൊച്ചി:** അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയർന്നു വരുന്ന ഈ സാഹചര്യത്തിൽ പാൽ കേടുവരുന്നത് ഒഴിവാക്കുന്നതിന് എല്ലാ ഡീലർമാരും ഉപഭോക്താക്കളും മിൽമയുടെ പാൽപാക്കറ്റുകൾ ലഭിച്ച ഉടൻ നിർബന്ധമായും റഫ്രീജറേറ്ററിൽ തന്നെ സൂക്ഷിക്കണമെന്ന് മിൽമ അധികൃതർ.എന്തെങ്കിലും കാരണവശാൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന പാലിന് തണുപ്പു കുറവായി അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടൻ തന്നെ തിളപ്പിച്ച് ഉപയോഗിക്കാനും മിൽമ ശുപാർശ ചെയ്തു.

കേരളത്തിലെ ലക്ഷകണക്കിന് ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന ശുദ്ധമായ പാൽ ഉൽപ്പാദനത്തിൻറെ പ്രാരംഭഘട്ടം മുതൽ ഏറ്റവും ശുചിത്വത്തോടെയും, ശാസ്ത്രീയപരമായുമാണ് മിൽമ കൈകാര്യം ചെയ്യുന്നത്. തനതു സ്ഥലങ്ങളിലെ ക്ഷീര സംഘങ്ങൾ വഴി സംഭരിച്ച് അത്യാധുനിക മെഷീനറികളുടെയും, ടെക്നോളജികളുടെയും സഹായത്തോടെ അതിൻറെ പുതുമയും ഗുണനിലവാരവും നിലനിർത്തി ഉപഭോക്താക്കളുടെ കയ്യിലെത്തിക്കുക എന്ന ദൗത്യമാണ് മിൽമ വർഷങ്ങളായി നിറവേറ്റികൊണ്ടിരിക്കുന്നതെന്ന് മിൽമ എറണാകുളം മേഖലാ സഹകരണ ക്ഷീരോത്പാദക യൂണിയൻ എംഡി വിൽസൺ ജെ പുറവക്കാട്ട് പറഞ്ഞു.

## ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

**നെടുമങ്ങാട്:** സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ എട്ടാം ക്ലാസിലേക്ക് ഓൺലൈനായി അപേക്ഷിച്ചവർക്ക് പ്രവേശനം ആരംഭിച്ചു. ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ഇതുവരെ അപേക്ഷ നൽകാത്തവർക്ക് പുതുതായി അപേക്ഷ നൽകി പ്രവേശനം നേടാം. വിശദവിവരങ്ങൾക്ക് 7907788350, 9037183080, 9400006460, 8848034699.

## ഫിനാൻഷ്യൽ മാനേജ്മെന്റ്: എം.എസ്.എം.ഇകൾക്ക് ത്രിദിന വർക്ഷോപ്പ്

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് , മൂന്ന് ദിവസത്തെ 'ഫിനാൻഷ്യൽ മാനേജ്മെന്റ്' വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 23 മുതൽ 25 വരെ കളമശേരി ക്യാമ്പസിലാണ് പരിശീലനം. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/ എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ലീഗൽ ആൻഡ് സ്റ്റാറ്റുട്ടറി കംപ്ലൈയൻസ്, അക്കൗണ്ടിംഗിന്റെ അടിസ്ഥാനകാര്യങ്ങൾ, കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടിംഗ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് മൂന്നു ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender/ ൽ ഏപ്രിൽ 20ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890, 0484 2550322, 9188922785.

## തെരഞ്ഞെടുപ്പ്: ചെലവുകളുടെ ആദ്യഘട്ട പരിശോധന പൂർത്തിയായി

**പത്തനംതിട്ട:** ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികളുടെ തെരഞ്ഞടുപ്പു ചെലവുകളുടെ ആദ്യഘട്ട പരിശോധന ചെലവ് നിരീക്ഷകൻ കമലേഷ് കുമാർ മീണയുടെ നേതൃത്വത്തിൽ പൂർത്തിയായി.

സ്ഥാനാർഥികളും പ്രത്യേകം നിയോഗിക്കപ്പെട്ട ഏജൻറുമാരും നിശ്ചിത മാതൃകയിൽ തയാറാക്കിയ വരവുചെലവു കണക്കുകൾ, വൗച്ചറുകൾ, ബില്ലുകൾ, ബാങ്ക് സ്റ്റേറ്റ്മെൻറുകൾ എന്നിവ യോഗത്തിൽ ഹാജരാക്കി.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ആദ്യഘട്ട പരിശോധനയിൽ ഏഴു നിയമസഭാ മണ്ഡലങ്ങളിലെയും അസിസ്റ്റൻറ് എക്സ്പെൻഡിച്ചർ ഒബ്സർവർമാർ തയാറാക്കിയ ഷാഡോ ഒബ്സർവേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ സ്ഥാനാർഥികൾ തങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളുമായി ഒത്തുനോക്കി.

# സ്വർണത്തിന് വൻ ഡിമാൻഡ്; പവന് 60,000 രൂപ കടക്കുമെന്ന് പ്രവചനം



**കൊച്ചി:** പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങളും വികസിത രാജ്യങ്ങളിലെ മാന്ദ്യ സാഹചര്യവും സുരക്ഷിത നിക്ഷേപമായ സ്വർണത്തിന് ഡിമാൻഡ് വർധിപ്പിക്കുന്നതിനാൽ നടപ്പു വർഷം പവൻ വില 60,000 രൂപ കടന്ന് മുന്നേറുമെന്ന് പ്രവചനം.

ലോകത്തിലെ മുൻനിര രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകൾ സാമ്പത്തിക അനിശ്ചിതത്വം കണക്കിലെടുത്ത് വലിയ തോതിൽ സ്വർണം വാങ്ങിക്കൂട്ടുന്നതാണ് വിലയിൽ കുതിപ്പ് സൃഷ്ടിക്കുന്നത്. ഇന്നലെ രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 2,400 ഡോളർ കവിഞ്ഞിരുന്നു. ഇതോടെ കേരളത്തിലെ സ്വർണ വില പവന് 800 രൂപ വർധിച്ച് 53,760 രൂപയിലെത്തി. ഗ്രാമിൻറെ വില 100 രൂപ കുറച്ച് 6,720 രൂപയായി.

ചൈനയിലെ സാമ്പത്തിക മേഖല വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണെന്ന വാർത്തകളാണ് ഇന്നലെ വിലയിൽ വൻ കുതിപ്പ് സൃഷ്ടിച്ചത്. പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങൾ ശക്തമാകുമെന്നതിനാൽ വരും മാസങ്ങളിൽ സ്വർണത്തിൻറെ ആഗോള വില 4,000 ഡോളർ വരെ ഉയരാൻ ഇടയുണ്ടെന്നാണ് ആഗോള ഏജൻസികൾ പ്രവചിക്കുന്നത്. ഇതോടൊപ്പം ഡോളറിനെതിരെ രൂപയുടെ മൂല്യ ഇടിവ് കൂടി കണക്കിലെടുത്താൽ പവൻ വില 60,000 തൊടാനിടയുണ്ട്.

നാണയപ്പെരുപ്പം നിയന്ത്രണ വിധേയമായതിനാൽ ഈ വർഷം മുഖ്യ പലിശ നിരക്കുകൾ മൂന്ന് തവണ കുറയ്ക്കുമെന്ന് അമെരിക്കയിലെ ഫെഡറൽ റിസർവ് വ്യക്തമാക്കിയിരുന്നു. റഷ്യയിൽ പുടിൻ വീണ്ടും അധികാരത്തിലെത്തിയതും ഇസ്രയേലും പലസ്തീനുമായുള്ള സംഘർഷങ്ങൾ കൈവിട്ടുപോകുന്നതും ആശങ്ക ശക്തമാക്കുന്നു. ഇതോടൊപ്പം ചൈനയിലെ സാമ്പത്തിക സാഹചര്യങ്ങൾ സംബന്ധിച്ച ആശങ്കകളും സ്വർണ വില വർധനയ്ക്ക് ഇടയാക്കും. കഴിഞ്ഞ ആറ് മാസത്തിനിടെ പത്ത് ഗ്രാം സ്വർണത്തിൻറെ വിലയിൽ 13,000 രൂപയുടെ വർധനയാണുണ്ടായത്.

ജ്വല്ലറികളിൽ നിന്നും സ്വർണാഭരണങ്ങൾ വാങ്ങുമ്പോൾ പണിക്കൂലിയും നികുതിയുമടക്കം പവന് വില 58,000 രൂപയിലധികമാകും. ഇന്നലത്തെ വില പവന് 53,760 രൂപയാണ്. പ്രമുഖ ജ്വല്ലറികൾ പണിക്കൂലി ഇനത്തിൽ 2,500 രൂപ മുതൽ ഈടാക്കുന്നു. ഇതോടൊപ്പം മൂന്ന് ശതമാനം ചരക്ക് സേവന നികുതിയായ 1,650 രൂപ കൂടി ചേർക്കുമ്പോൾ പവൻറെ വില 58,000 കവിയും.



# അവസാന ഒരുക്കങ്ങളായി വിഷു വിപണി ഉണർന്നു

**മൂവാറ്റുപുഴ:** മേടപ്പുലരിക്ക് ഒരുനാൾ മാത്രം ശേഷിക്കേ തകൃതിയായി മൂവാറ്റുപുഴയിലെ വിഷു വിപണി.

പുത്തൻ പ്രതീക്ഷകളുമായി പുതിയൊരു വർഷത്തെ വരവേൽക്കാനൊരുങ്ങുന്ന വിഷുനാളിനായുള്ള മൂവാറ്റുപുഴക്കാരുടെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് കടന്നു.

വിഷുവിൻറെ വരവറിയിച്ച് മൂവാറ്റുപുഴയിലെ വ്യാപാര സ്ഥാപനങ്ങളിലെല്ലാം കണി ഒരുക്കുന്നതിനുള്ള വിഭവങ്ങളും, പടക്കങ്ങളും, ഉണ്ണിക്കണ്ണൻറെ പ്രതിമകളുമടക്കം സ്ഥാനം പിടിച്ചു കഴിഞ്ഞു.

വിഷുക്കണിയിലെ പ്രധാന താരമായ കണിക്കൊന്ന ആഴ്ചകൾക്ക് മുൻപ് തന്നെ മഞ്ഞവസന്തം തീർത്ത് നഗരത്തിലെ വിവിധയിടങ്ങളിൽ പൂചൂടിക്കഴിഞ്ഞിരുന്നു. പച്ചക്കറി, പഴവർഗവിപണി! സജീവമായി. ചെറുപഴം, മുന്തിരി, ഓറഞ്ച്, ആപ്പിൾ, തേങ്ങ, ചക്ക, മത്തൻ, പടവലം, കുമ്പളം തുടങ്ങി കണികണ്ടുണരാൻ ആവശ്യമായതെല്ലാം മൂവാറ്റുപുഴയിലെ വിപണിയിൽ ഒരുങ്ങിയിട്ടുണ്ട്. ആപ്പിൾ 180, മുന്തിരി 120 മുതൽ 180 വരെ, ചെറുപഴം 40, തേങ്ങ 40, കണിവെള്ളരി 20, കുമ്പളം 25, പടവലം 30 എന്നിങ്ങനെയാണ് മൂവാറ്റുപുഴയിലേയും സമീപ പ്രദേശങ്ങളിലേയും വിപണിയിലെ വില.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എല്ലാ വിഭങ്ങൾക്കും വില കുറവാണെന്ന് വ്യാപാരികൾ പറഞ്ഞു.

വിവിധ നിറത്തിലും, വലിപ്പത്തിലുമുള്ള ഉണ്ണിക്കണ്ണൻറെ പ്രതിമകളും നഗരവീഥികളിൽ എത്തിയിട്ടുണ്ട്. മൂവാറ്റുപുഴയിൽ പടക്ക വ്യാപാരവും തകൃതിയായി നടക്കുന്നുണ്ട്.



ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിന്റെ അവസാന ലീഗ് മൽസരത്തിൽ ഹൈദരാബാദ് എഫ്.സിക്കെതിരെ വിജയിച്ച കേരളബ്ലാസ്റ്റേഴ്സ് താരങ്ങൾ ആഹ്ലാദം പങ്കിടുന്നു. ഹൈദരാബാദിൽ നടന്ന മൽസരത്തിൽ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് കേരള ബ്ലാസ്റ്റേഴ്സ് വിജയിച്ചത്. മുഹമ്മദ് ഐമൻ, ഡൈസൂക്ക് സക്കായി, നിഹാൽ സുധീഷ് എന്നിവരാണ് കേരള ബ്ലാസ്റ്റേഴസിനായി ഗോളുകൾ നേടിയത്.32 പോയിന്റുകളുമായി അഞ്ചാം സ്ഥാനത്തുള്ള കേരള ബ്ലാസ്റ്റേഴ്സ് നേരത്തെ തന്നെ പ്ലേ ഓഫിൽ എത്തിയിരുന്നു.



# കടുത്ത ചൂടിൽ കാർഷിക വിളകൾ വ്യാപകമായി ഉണങ്ങി നശിക്കുന്നു

**കരുവഞ്ചാൽ:** കടുത്ത ചൂടിൽ കാർഷിക വിളകൾ വ്യാപകമായി ഉണങ്ങി നശിക്കുന്നു. ഇതോടെ മലയോര മേഖലയിലെ കർഷകർക്ക് ലക്ഷക്കണക്കിനു രൂപയുടെ നഷ്ടമാണു ഉണ്ടായത്. പുഴകളും കിണറുകളും വറ്റിവരണ്ടതോടെ കൃഷികൾക്ക് ജലസേചനം നടത്താൻ സാധിക്കുന്നില്ല. ഇതാണു കൃഷി വ്യാപകമായി ഉണങ്ങി നശിക്കാൻ കാരണമായത്. കമുക്, തെങ്ങ്, കുരുമുളക്, വാഴ, ജാതി തുടങ്ങിയ കൃഷികളാണു കടുത്ത ചൂടിൽ ഉണങ്ങി നശിക്കുന്നത്.

നടുവിൽ, ചപ്പാരപ്പടവ്, ആലക്കോട്, ഉദയഗിരി, എരമംകുറ്റൂർ, കടന്നപ്പള്ളി പാണപ്പുഴ മലയോര പഞ്ചായത്തുകളിൽ കോടികണക്കിനു രൂപയുടെ വിളനാശമാണു സംഭവിച്ചത്. കടുത്ത ചൂടിനെ തുടർന്നു കശുവണ്ടി ഉത്പാദനത്തിലും വൻ ഇടിവ് സംഭവിച്ചു. പ്രധാന പുഴകളിലെ നീരൊഴുക്ക് നിലയ്ക്കുകയും കിണറുകൾ വറ്റിവരളുകയും ചെയ്തതോടെ മലയോര മേഖലയിൽ കുടിവെള്ളം പോലും കിട്ടാനില്ലാത്ത സ്ഥിതിയാണ്. ഇപ്പോൾ പലരും കുഴൽക്കിണറിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. പുഴകളിൽനിന്ന് ജലസേചനം നടത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തടയുകയും ചെയ്തിട്ടുണ്ട്.

ഇതോടെ കൃഷി നനയ്ക്കാൻ പറ്റാത്ത സ്ഥിതിയായി. വിളകൾ ഉണങ്ങി നശിച്ചതോടെ അടുത്ത വർഷം മലയോരത്തു കടുത്ത സാന്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്ന കാര്യം ഉറപ്പായി. ഇപ്പോൾ അടയ്ക്ക, കശുവണ്ടി എന്നിവയ്ക്കു മാത്രമാണു വിപണിയിൽ നഷ്ടമില്ലാത്ത വില ലഭിക്കുന്നത്. ആയിരക്കണക്കിനു കമുകുകൾ ആണു മലയോരത്ത് ഉണങ്ങി നശിച്ചത്. കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണു നാട്ടുകാരുടെ ആവശ്യം.



# വിഷുവിപണിയിൽ പച്ചക്കറിക്കും പഴവർഗങ്ങൾക്കും തീവില

**വടക്കഞ്ചേരി:** വിഷു വിപണിയിൽ തൊട്ടതിനെല്ലാം പൊള്ളുന്ന വില. വരൾച്ച, ക്ഷാമം എന്നൊക്കെ പറഞ്ഞ് പച്ചക്കറി വില തോന്നുംമട്ടിലാണ്. പഴവർഗങ്ങളുടെ വിലയും ഉയർന്നു തന്നെ.

പടക്ക വിലക്കും യാതൊരു നിയന്ത്രണവുമില്ല. പത്തിരട്ടിയിലധികമാണ് വില. വാങ്ങാനെത്തുന്നവരെ നോക്കിയാണ് വില പറച്ചിൽ.

സാമ്പത്തിക ഞെരുക്കത്തിൽ ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് വലിയ ഇരുട്ടടിയായിരിക്കുകയാണ് വിഷു വിപണിയിലെ തീ വില. പുതിയ റിക്കാർഡ് വിലകളാണ് പച്ചക്കറികൾക്കെല്ലാം.

ബീൻസ് 140, കാരറ്റ്130, ചെറുനാരങ്ങ250, പയർ100, വെള്ളരി 60, പാവയ്ക്ക 90, ചേമ്പ്120, ചേന 80, എളവൻ 40, മത്തൻ40, ഇഞ്ചി 250, പച്ചമുളക്100, വെണ്ടയ്ക്ക 100 എന്നിങ്ങനെയാണ് വിലകൾ.

കൊടുംചൂടിൽ എല്ലാം വെന്തുരുകി നശിച്ചതിനാൽ നാടൻ പച്ചക്കറികൾ കിട്ടാനില്ല.

കൊന്നപ്പൂ മുതൽ വിഷുവിന് കണികാണാനുള്ള എല്ലാ സാധനങ്ങൾക്കും ഉയർന്ന വിലയുണ്ട്. പഴ വിപണിയും ജനങ്ങളെ ഞെക്കിപ്പിഴിയുകയാണ്. കിലോയ്ക്ക് 20 മുതൽ 50 രൂപ വരെ വിലവർധനവാണ് പഴങ്ങൾക്കും. നാടൻ കണിവെള്ളരിക്ക വിപണിയിൽ കാണാൻ പോലുമില്ല. എല്ലാം വരവ് ഇനങ്ങളാണ്.

# ശബരിമല വിമാനത്താവള പദ്ധതി; പരിസ്ഥിതി വിഷയത്തിലെ പൊതുതെളിവെടുപ്പ് 15ന്

**കോട്ടയം:** ശബരിമല ഗ്രീൻഫീൽഡ് രാജ്യാന്തര വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ടു പരിസ്ഥിതി വിഷയത്തിലുള്ള പൊതുതെളിവെടുപ്പ് 15നു രാവിലെ 11.30ന് എരുമേലിയിലെ അസംപ്ഷൻ ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ കലക്ടർ നടത്തും. പൊതുജനങ്ങൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ തെളിവെടുപ്പു സമയത്ത് ഉന്നയിക്കാം.

കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി പഞ്ചായത്തിൽ എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 23 ൽ 20, 21, 22, 23, 24, 25, 26, 27, 30, 31, 32, 33, 34, 35, 36, 37, 38, 39, 13, 168, 169, 170, 171, 172, 173, 174, 175, 176, 177 184, 167, 166, 165, 146, 40, 41, 42, 43 4 0 2208 281 282 283 എന്നീ സർവേ നമ്പറുകളിലും മണിമല പഞ്ചായത്തിൽ മണിമല വില്ലേജിലെ ബ്ലോക്ക് നമ്പർ 19ൽ 413, 414, 421, 422, 423 ബ്ലോക്ക് നമ്പർ 21ൽ 191, 192, 299 എന്നീ സർവേ നമ്പറുകളിലുമായി 1,039,876 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയിലാണു സംസ്ഥാന വ്യവസായ വികസന കോർപറേഷൻ ശബരിമല ഗ്രീൻഫീൽഡ് രാജ്യാന്തര വിമാനത്താവള പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. 3,973 കോടി രൂപയാണു പദ്ധതി മൂലധനം.

# തെരഞ്ഞെടുപ്പ് സുരക്ഷ ഉറപ്പാക്കാൻ കണ്ണൂരിൽ ഹെലികോപ്റ്റർ നിരീക്ഷണവും

**കണ്ണൂർ:** തെരഞ്ഞെടുപ്പ് സുരക്ഷാക്രമീകരണത്തിൻറെ ഭാഗമായി പോലീസ് ഹെലികോപ്റ്റർ ഉപയോഗിച്ച് നിരീക്ഷണം നടത്തി. നേരത്തെ മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ച മേഖലകളുൾപ്പെടെയുള്ള ജില്ലയിലെ വനമേഖലകളിലടക്കമാണ് നിരീക്ഷണം നടത്തിയത്.

സിറ്റി പോലീസ് കമ്മീഷണർ ആർ.അജിത്ത്കുമാർ, അസി. കളക്ടർ അനൂപ് ഖാർഗ്, കൂത്തുപറമ്പ് എസിപി കെ.വി. വേണുഗോപാൽ, സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി വി.വി. മനോജ് എന്നിവരുൾപ്പെട്ട സംഘമാണ് പരിശോധന നടത്തിയത്.

സ്വകാര്യ കന്പനിയുടെ വാടകയ്ക്കെടുത്ത ഹെലികോപ്റ്റർ ഉപയോഗിച്ചായിരുന്നു ആകാശ നിരീക്ഷണം നടത്തിയത് ഇന്നലെ രാവിലെ 9.45 ഓടെ കണ്ണൂർ പോലീസ് മൈതാനിയിൽ നിന്നുമാണ് നിരീക്ഷക സംഘവുമായി ഹെലികോപ്റ്റർ പുറപ്പെട്ടത്.




# അർപ്പണ ബോധത്തോടെ പ്രവർത്തിച്ചാൽ ജീവിത വിജയം നേടാൻ കഴിയും: ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ (കെഎംഎ ) മാനേജ്മെന്റ് ലീഡർഷിപ്പ് അവാർഡ് കൊച്ചി കപ്പൽശാല സിഎംഡി മധു എസ് നായർക്ക് സമ്മാനിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ ജസ്റ്റിസ്. എ.കെ ജയശങ്കരൻ നമ്പ്യാർ അവാർഡ് സമ്മാനിച്ചു. നാവിക സേനാ മേധാവി അഡ്മിറൽ ആർ.ഹരികുമാർ ചടങ്ങിൽ ഓൺലൈനായി പങ്കെടുത്തു. ഉത്തരവാദിത്വബോധത്തോടെയും അർപ്പണബോധത്തോടെയും പ്രവർത്തിച്ചാൽ ജീവിത വിജയം നേടാൻ കഴിയുമെന്ന് ഡോ. ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ പറഞ്ഞു. രാജ്യത്തിനും സമൂഹത്തിനും എന്ത് സംഭാവന നൽകി എന്നതാണ് ഏതൊരു സ്ഥാപനത്തിന്റെയും മൂല്യം കണക്കാക്കുന്ന അടിസ്ഥാന മാനദണ്ഡം. സാമൂഹ്യ പ്രതിബദ്ധതയോടെയുള്ള പ്രവർത്തനമാണ് കപ്പൽശാലയുടെ വിജയത്തിന് കാരണം. തൊഴിലാളികളും മാനേജ്മെന്റും ഒരേ മനസോടെ പ്രവർത്തിച്ചാൽ മാത്രമേ ഏതൊരു പ്രസ്ഥാനത്തിനും വിജയം കൈവരിക്കാൻ കഴിയൂ എന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ പ്രതിരോധ രംഗത്ത് നിർണായക സാന്നിധ്യമായി കൊച്ചി കപ്പൽശാല മാറിക്കഴിഞ്ഞെന്ന് അഡ്മിറൽ ആർ.ഹരികുമാർ പറഞ്ഞു. വിക്രാന്തിന്റെ നിർമാണത്തിലൂടെ കൊച്ചി കപ്പൽശാലയുടെ ഖ്യാതി ആഗോളതലത്തിലേക്കുയർന്നു. ഇന്ത്യക്ക് തദ്ദേശീയമായി പടക്കപ്പലുകൾ നിർമിക്കാൻ കഴിയും എന്നത് രാജ്യത്തിന്റെയും ജനങ്ങളുടെയും ആത്മവിശ്വാസം വർധിപ്പിക്കുന്നതായിരുന്നു. സമുദ്ര സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ നാവിക സേനയുടെ ഏറ്റവും വിശ്വസ്ത പങ്കാളിയാണ് കൊച്ചി കപ്പൽശാലയെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പ്രതിരോധ രംഗത്തിന് മാത്രമല്ല രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കും കപ്പൽശാല നൽകുന്ന സംഭാവനകൾ വലുതാണെന്ന് അഡ്മിറൽ ഹരികുമാർ ചൂണ്ടിക്കാട്ടി. ജോലി ചെയ്യുന്നത് എവിടെയാണെങ്കിലും അത്മസമർപ്പണമുണ്ടെങ്കിൽ വിജയം കൈവരിക്കാൻ കഴിയുമെന്ന് മധു എസ് നായർ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ആസ്വദിച്ച് ജോലി ചെയ്യാൻ കഴിയണം. കപ്പൽശാലയിലെ പ്രവർത്തനത്തിൽ നിന്ന് ജീവിതത്തിൽ ഒരു പാട് പാഠങ്ങൾ പഠിച്ചു. നാം ഒരു സിസ്റ്റത്തിന്റെ ഭാഗമാണെന്ന ചിന്തയോടെ പ്രവർത്തിച്ചാൽ വിജയം കൈവരിക്കൽ എളുപ്പമാകും. നമ്മളിൽ തന്നെ വിശ്വസിച്ചാൽ വിജയം നമ്മെ തേടിയെത്തും. പരാജയം എന്നൊന്നില്ല. ഏറ്റവും മികച്ചതിന് വേണ്ടി പ്രവർത്തിച്ചു കൊണ്ടേയിരിക്കുക എന്നതാണ് മാനേജ്മെന്റ് വിദഗ്ധന് വേണ്ട പ്രധാന ഗുണമെന്നും അദ്ദേഹം പറഞ്ഞു. കെ എം എ പ്രസിഡന്റ് എ.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റ് സത്യനാരായണൻ പ്രശസ്തി പത്രം വായിച്ചു. ഓണററി സെക്രട്ടറി ദിലീപ് നാരായണൻ സ്വാഗതവും സീനിയർ വൈസ് പ്രസിഡന്റ് ബിബു പുന്നൂരാൻ നന്ദിയും പറഞ്ഞു.മുൻ ചീഫ് സെക്രട്ടറി പോൾ ആന്റണി ചെയർമാനായ ജ്യൂറിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. മികച്ച മാനേജ്മെന്റ് വൈദഗ്ധ്യത്തിനു കെഎംഎ നൽകുന്ന അവാർഡാണിത്.

# ആദ്യ നഴ്സിങ് പിഎച്ച്ഡി ബിരുദധാരിയെ ആദരിച്ചു

**കൊച്ചി:** മഹാരാഷ്ട്ര യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിൽ നിന്ന് ഇതാദ്യമായി ഒരു വ്യക്തി നഴ്സിങ്ങിൽ പിഎച്ച്ഡി കരസ്ഥമാക്കി. പ്രൊഫ. വിൽമ വൽസലനാണ് മഹാരാഷ്ട്ര സംസ്ഥാനത്തു നിന്ന് ആദ്യമായി നഴ്സിങ്ങിൽ പിഎച്ച്ഡി നേടിയത്.പി. ഡി. ഹിന്ദുജ കോളേജ് ഓഫ് നഴ്സിങ്ങിലെ 47 നഴ്സിങ് വിദ്യാർത്ഥികൾക്കുള്ള ബിരുദദാന ചടങ്ങിലാണ് പ്രൊഫ. വിൽമ വൽസലന് പിഎച്ച്ഡി നൽകിയത്. സ്പെഷലൈസ്ഡ് കോഴ്സുകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ വിപുലമായ പരിശീലനം നേടിയാണ് 47 പേർ ബിരുദം കരസ്ഥമാക്കിയത്. പി. ഡി. ഹിന്ദുജയ്ക്ക് മാത്രമല്ല, മഹാരാഷ്ട്രയിലെ മുഴുവൻ ആരോഗ്യ സേവന സമൂഹത്തിനും അഭിമാനകരമായ ദിനമാണിതെന്ന് പി. ഡി. ഹിന്ദുജ ഹോസ്പിറ്റൽ സിഇഒ ഗൗതം ഖന്ന പറഞ്ഞു.

# ഫിനാൻഷ്യൽ മാനേജ്മെന്റ് വർക്ക്ഷോപ്പ്

**കൊല്ലം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 'ഫിനാൻഷ്യൽ മാനേജ്മെന്റ്' വർക്ഷോപ്പ് സംഘടിപ്പിക്കും. ഏപ്രിൽ 23 മുതൽ 25 വരെ കിഡ് ക്യാമ്പസ്സിലാണ് പരിശീലനം. എം എസ് എം ഇ മേഖലയിലെ സംരംഭകർ/ എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പങ്കെടുക്കാം. ലീഗൽ ആൻഡ് സ്റ്റാറ്റിയുട്ടറി കംപ്ലൈയൻസ്, അക്കൗണ്ടിംഗിന്റെ അടിസ്ഥാനകാര്യങ്ങൾ, കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടിംഗ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടും. ഫീസ് 2,950 രൂപയും താമസം ആവശ്യമില്ലാത്തവർക്ക് 1,200യും. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപയും, താമസം കൂടാതെ 800 രൂപയുമാണ്. http://kied.infot/raining-calender/ ൽ ഏപ്രിൽ 20നകം അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർക്കാണ് പ്രവേശനം. ഫോൺ: 0484 2532890/0484 2550322/9188922785.




# ഇൻഡെൽ മണി ന്യൂ ഡെൽഹിയിൽ പുതിയ ശാഖ തുറന്നു

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വർണ വായ്പാ സ്ഥാപനവും ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയുമായ ഇൻഡെൽ മണി ന്യൂ ഡെൽഹിയിൽ പുതിയ ശാഖ തുറന്നു. കഴിഞ്ഞ പാദത്തിൽ പുതുതായി 11 ശാഖകൾ തുടങ്ങിയ കമ്പനിയുടെ പുതിയ സാമ്പത്തിക വർഷത്തെ ആദ്യ ശാഖയാണ് ന്യൂ ഡെൽഹിയിലേത്. മയൂർ വിഹാർ ഫേസ് ഒന്നിലെ ആചാര്യ നികേതൻ ഇ4/ 19 ൽ പ്രവർത്തിക്കുന്ന പുതിയ ശാഖ ഇടപാടുകാരുടെ ആവശ്യങ്ങൾക്കനുയോജ്യമായ സ്വർണ വായ്പകളാണ് നൽകുന്നതെന്ന് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒ യുമായ ഉമേഷ് മോഹനൻ പറഞ്ഞു.

അതിവേഗ നടപടി ക്രമങ്ങൾ, കുറഞ്ഞ പലിശ നിരക്ക്, ഉപഭോക്താവിന്റെ സൗകര്യത്തിന് പരിഗണന നൽകുന്ന തിരിച്ചടവുകൾ, സ്വകാര്യതയുടെ പരിരക്ഷണം എന്നീ പ്രത്യേകതകൾ രാജ്യ തലസ്ഥാനത്ത് ബിസിനസ് ചെയ്യുന്നവർക്കും സാധാരണക്കാർക്കും ഒരു പോലെ പ്രയോജനകരമാണ്.ഇൻഡെൽ മണി ഉത്തര മധ്യ മേഖലയിൽ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമാണ് ന്യൂ ഡെൽഹിയിലെ പുതിയ ശാഖയെന്നും ഉമേഷ് മോഹനൻ പറഞ്ഞു.

നടപ്പു സാമ്പത്തിക വർഷം ഈ മേഖലയിൽ 20 പുതിയ ശാഖകൾ കൂടി തുടങ്ങാൻ പരിപാടിയുണ്ട്. ഒഡീഷ, മഹാരാഷ്ട്ര, മധ്യ പ്രദേശ്, കർണാടക, ആന്ധ്ര പ്രദേശ്, തമിഴ്നാട്, തെലുങ്കാന, പുതുച്ചേരി, കേരളം എന്നിങ്ങനെ 9 സംസ്ഥാനങ്ങളിലായി 285ൽ പരം ശാഖകളുണ്ട് ഇൻഡെൽ മണിക്ക്.